# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:1227** **02.03.217-ൽ മറുപടിക്ക്**

## ഹൈടെക് സ്കൂൾ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.സി.ജോസഫ്<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.വി.എസ്.ശിവകുമാർ | | പ്രൊഫ: സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ഹൈടെക് സ്കൂൾ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | എ) | പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയാണ് വിദ്യാഭ്യാസ വകുപ്പ് തുടക്കം കുറിച്ചിരിക്കുന്നത്. സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 8 മുതൽ 12 വരെ ക്ലാസുകളെ ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നാല് അസംബ്ലി നിയോജക മണ്ഡലങ്ങളിൽ പദ്ധതി ഈ വർഷം നടപ്പിലാക്കുകയാണ്. ക്ലാസ് മുറികളിൽ കമ്പ്യൂട്ടർ/ ലാപ് ടോപ്പ്, മൾട്ടിമീഡിയാ പ്രോജക്ടർ, ശബ്ദ സംവിധാനം, ഇൻറർനെറ്റ് സൗകര്യവും ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങളും പരിശീലനങ്ങളും ഇതിന്റെ ഭാഗമായി ലഭ്യമാക്കുന്നുണ്ട്. |
| ബി) | 2017-18 അധ്യയന വർഷം എത്ര സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നടപ്പിലാക്കുന്ന സ്കൂളുകൾ ഏതെല്ലാം; | ബി) | 2017-18-ൽ സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| സി) | ഇതിലേക്കായി സംസ്ഥാന ഗവൺമെൻറ് ഒരോ സ്കൂളിനും എന്തെല്ലാം സഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ? | സി) | എട്ട് മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസുകളിൽ കമ്പ്യൂട്ടർ/ലാപ് ടോപ്പ്, മൾട്ടീമീഡിയ പ്രൊജക്ടർ, ശബ്ദസംവിധാനം, ഇൻറർനെറ്റ് സൗകര്യം എന്നിവ ക്ലാസുകളിലും, സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കമ്പ്യൂട്ടർ ലാബുകളും ഇൻറർനെറ്റ് സൗകര്യവും ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സൗകര്യങ്ങളും പരിശീലനങ്ങളും ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ